Break the chain

# കേരളസർവകലാശാല

നം.പി.ആർ.129/2022

## പത്രക്കുറിപ്പ്

### എം.ബി.എ. (ഫുൾടൈം) – പുതുക്കിയ വിജ്ഞാപനം

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMS) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുള്ള 2022-23 വർഷത്തെ പ്രവേശനത്തിനുള്ള വിജ്ഞാപനത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിശദവിവരങ്ങൾക്ക് സർവകലാശാല (www.admissions.keralauniversity.ac.in) സന്ദർശിക്കുക.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.സി.എ. (റെഗുലർ – 2020 സ്കീം – 2020 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ 2022 ജൂലൈ 4, 5, 6 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 27, 28, 29 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ. (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 24 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### അഞ്ചാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷ – മാർക്ക്ലിസ്റ്റ്

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ഡിസംബർ 2021 സ്പെഷ്യൽ പരീക്ഷയുടെ കരട് മാർക്ക്ലിസ്റ്റ് വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 4 വരെ ഓഫ്ലൈനായി അപേക്ഷിക്കാം.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ആഗസ്റ്റ് 5 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 28 വരെയും 150 രൂപ പിഴയോടെ ജൂലൈ 1 വരെയും 400 രൂപ പിഴയോടെ ജൂലൈ 4 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ./ബി.സി.എ./ബി.എസ്സി./ബി.എ./ബി.കോം./ബി.എസ്.ഡബ്ല്യൂ./ബി.എം.എസ്./ബി.പി.എ./ബി.വോക്. സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി ഇ.ജെ.III (മൂന്ന്) സെക്ഷനിൽ ജൂൺ 22 മുതൽ 29 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
21.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**


**University information is available on 9188526670, 9188526671, 9188526674, 9188526675**